ശബരിമല വികസന അതോറിറ്റി രൂപീകരിക്കാൻ നടപടി

128 (1183) ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പാടാക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി ശബരിമല വികസന അതോറിറ്റി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

ഉത്തരം

(എ&ബി) അതോറിറ്റി രൂപീകരിക്കുന്ന കാര്യം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

പുതിയ കൃഷി ഭവനുകൾ

129 (1184) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ കൃഷിഭവനുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലത്താണ് ;

(സി) കുണ്ടംകുഴിയിൽ പുതുതായി കൃഷിഭവൻ അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ,ബി,സി&ഡി) കർഷക സംഖ്യ, വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കൃഷി ഭവനുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുണ്ടംകുഴിയിൽ പുതുതായി കൃഷി ഭവൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷയും പരിശോധിക്കുന്നതാണ്.

നെൽകൃഷി സംരക്ഷണത്തിന് നടപടി

130 (1185) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി സംരക്ഷണത്തിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly